**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4545** **10-08-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ അസാപ്പ് സ്കിൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിളയിൽ അനുവദിച്ച അസാപ്പ് സ്കിൽ പാർക്കിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര അമരവിള കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുന്നതിനായി ടെൻഡർ ചെയ്യുകയും m/s Heather Constructions കോൺട്രാക്ടർക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ ഭൂമിയിൽ ഒരു റവന്യൂ റിക്കവറി കേസ് നിലനിൽക്കുന്നതായി പിന്നീട് അറിയുവാൻ കഴിഞ്ഞു. അത് നിർമ്മാണം തുടങ്ങുന്നതിനു നിയമപരമായി തടസ്സമായി. മേൽപ്പറഞ്ഞ കാരണം കൊണ്ട് 01-10-2018-ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോൺട്രാക്ടറുടെ ബാധ്യത തീർപ്പാക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയുമുണ്ടായി. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12-03-2019-ൽ കൂടിയ യോഗത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിനു വേണ്ടി നൽകിയ സ്ഥലത്തെ റവന്യൂ റിക്കവറി സംബന്ധിച്ച വിഷയം ചർച്ച ചെയ്തു തീർപ്പാക്കുന്നതിനും പ്രസ്തുത സ്ഥലത്തെ ടൈൽ ഫാക്ടറി പൊളിച്ചു നീക്കുന്നത് സംബന്ധിച്ച് തീർപ്പാക്കുന്നതിനും പ്രസ്തുത സ്ഥലത്തെ ടൈൽ ഫാക്ടറി പൊളിച്ചു നീക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ P.W.D–യുമായി ചർച്ച ചെയ്തു സ്ഥലം നിരപ്പാക്കി നൽകുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുന്നതിന് സ്ഥലം എം.എൽ.എ.-യെ ചുമതലപ്പെടുത്തുകയുമുണ്ടായി. എന്നാൽ സ്ഥലം നിരപ്പാക്കി കിട്ടാത്തതിനാലും ബാധ്യത ഒഴിവായതായി അറിയിപ്പ് ലഭിക്കാത്തതിനാലും സ്കിൽ പാർക്ക് നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. തുടർന്ന് കോൺട്രാക്ടറുമായുള്ള കരാർ അവസാനിപ്പിക്കുവാൻ ഉള്ള നടപടികൾ അസാപ്പിന്റെ ഭാഗത്തു നിന്നും പൂർത്തിയാക്കി. |
| (ബി) | സ്കിൽ പാർക്ക് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | നെയ്യാറ്റിൻകര അമരവിള കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുന്നതിനായി ടെൻഡർ ചെയ്യുകയും m/s Heather Constructions കോൺട്രാക്ടർക്ക് വർക്ക് |

| | | | |
|---|---|---|---|
| | | | അവാർഡ് ചെയ്യുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ ഭൂമിയിൽ ഒരു റവന്യൂ റിക്കവറി കേസ് നിലനിൽക്കുന്നതായി പിന്നീട് അറിയുവാൻ കഴിഞ്ഞു. അത് നിർമ്മാണം തുടങ്ങുന്നതിനു നിയമപരമായി തടസ്സമായി. മേൽപ്പറഞ്ഞ കാരണം കൊണ്ട് 01-10-2018-ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോൺട്രാക്ടറുടെ ബാധ്യത തീർപ്പാക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയുമുണ്ടായി. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12-03-2019-ൽ കൂടിയ യോഗത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിനു വേണ്ടി നൽകിയ സ്ഥലത്തെ റവന്യൂ റിക്കവറി സംബന്ധിച്ച വിഷയം ചർച്ച ചെയ്തു തീർപ്പാക്കുന്നതിനും പ്രസ്തുത സ്ഥലത്തെ ടൈൽ ഫാക്ടറി പൊളിച്ചു നീക്കുന്നത് സംബന്ധിച്ച് തീർപ്പാക്കുന്നതിനും പ്രസ്തുത സ്ഥലത്തെ ടൈൽ ഫാക്ടറി പൊളിച്ചു നീക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ P.W.D–യുമായി ചർച്ച ചെയ്തു സ്ഥലം നിരപ്പാക്കി നൽകുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുന്നതിന് സ്ഥലം എം.എൽ.എ.-യെ ചുമതലപ്പെടുത്തുകയുമുണ്ടായി. എന്നാൽ സ്ഥലം നിരപ്പാക്കി കിട്ടാത്തതിനാലും ബാധ്യത ഒഴിവായതായി അറിയിപ്പ് ലഭിക്കാത്തതിനാലും സ്കിൽ പാർക്ക് നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. തുടർന്ന് കോൺട്രാക്ടറുമായുള്ള കരാർ അവസാനിപ്പിക്കുവാൻ ഉള്ള നടപടികൾ അസാപ്പിന്റെ ഭാഗത്തു നിന്നും പൂർത്തിയാക്കി. |
| (സി) | പ്രസ്തുത സ്കിൽ പാർക്കിന് എത്ര കോടി രൂപയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ? | (സി) | Rs. 14,19,98,376/- (പതിനാല് കോടി പത്തൊമ്പത് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി മുന്നൂറ്റി എഴുപത്തിയാറ് രൂപ മാത്രം). |

സെക്ഷൻ ഓഫീസർ